# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 424 — 04.06.2018 – ൽ മറുപടിക്ക്

## റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. കെ.എസ്. ശബരീനാഥൻ :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി)** |
| (എ) റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത തടയുന്നതിന് എഫ്.സി.ഐ.യിൽ നിന്നും ഭക്ഷ്യ സാധനങ്ങളെടുത്ത് റേഷൻ കടകളിൽ എത്തിക്കുന്നത് നിരീക്ഷിക്കുന്നതിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ; | (എ) വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം പ്രാവർത്തികമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ആർ.എഫ്.പി.(കരട്) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ തയ്യാറാക്കി ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. പ്രാവർത്തികമാക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു. |
| (ബി) വാതിൽപ്പടി വിതരണം നടപ്പിലാക്കിയത് മൂലം റേഷൻ വിതരണത്തിൽ കൈവന്നിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണ്; | (ബി) റേഷൻ വ്യാപാരികൾക്ക് കൃത്യമായ തൂക്കത്തിലും അളവിലും റേഷൻ സാധനങ്ങൾ വാതിൽപ്പടി വിതരണം വഴി ലഭിക്കുന്നുണ്ട്. പൊതുവിതരണ സമ്പ്രദായത്തിലെ കരിഞ്ചന്ത, അഴിമതി എന്നിവ പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) കേന്ദ്രസർക്കാർ അനുവദിച്ച് നൽകിയിട്ടുള്ള മുഴുവൻ റേഷൻ സാധനങ്ങളും എഫ്.സി.ഐ.യിൽ നിന്നും ലഭ്യമാക്കുവാൻ ഈ സർക്കാരിന് കഴിയുന്നുണ്ടോ; 2018 ജനുവരി മുതൽ സംസ്ഥാനത്തിന് അനുവദിച്ചതും, ലഭ്യമായതുമായ ഭക്ഷ്യധാന്യങ്ങളുടെ വിശദാംശം നൽകുമോ? | (സി) ഉണ്ട്. 2018 ജനുവരി മുതൽ സംസ്ഥാനത്തിന് അനുവദിച്ചതും, ലഭ്യമായതുമായ ഭക്ഷ്യധാന്യങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

(അളവ് മെട്രിക് ടണ്ണിൽ)

| മാസം | അനുവദിച്ചത് | | | ലഭ്യമായത് | | |
|---|---|---|---|---|---|---|
| | അരി | ഗോതമ്പ് | ആകെ | അരി | ഗോതമ്പ് | ആകെ |
| ജനുവരി -18 | 95715.792 | 23038.291 | 118754.083 | 95715.792 | 23038.291 | 118754.083 |
| ഫെബ്രുവരി -18 | 95715.792, | 23038.291 | 118754.083 | 95715.792 | 23038.291 | 118754.083 |
| മാർച്ച് - 18 | 96665.792 | 22088.291 | 118754.083 | 96665.792 | 22088.291 | 118754.083 |
| ഏപ്രിൽ - 18 | 96665.792 | 22088.291 | 118754.083 | 96665.792 | 22088.291 | 118754.083 |
| മെയ് — 18 | 96665.792 | 22088.291 | 118754.083 | 96665.792 | 22088.291 | 118754.083 |
| **ആകെ** | **481428.960** | **112341.455** | **593770.415** | **481428.960** | **112341.455** | **593770.415** |